"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിവര പൊതുജന സമ്പർക്ക വകുപ്പ്-നടപ്പ സാമ്പത്തിക വർഷം (2023-2024) "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.79/2023/I&PRD തിരുവനന്തപുരം, 02-08-2023

---

പരാമർശം:-

1. 15.06.2022-ലെ സ.ഉ.(സാധാ)നം.83/2022/ഐ&പിആർഡി
2. 22.03.2023 തീയതിയിൽ ഡെപ്യൂട്ടി ഡയറക്ടർ (വിഷൽ കമ്മ്യൂണിക്കേഷൻ) സമർപ്പിച്ച പ്രൊപ്പോസൽ
3. 19.05.2023-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
4. ഡെപ്യൂട്ടി ഡയറക്ടർ (വിഷൽ കമ്മ്യൂണിക്കേഷൻ) സമർപ്പിച്ച പ്രൊപ്പോസൽ
5. 23.06.2023-ലെസ.ഉ.(സാധാ)നം.62/2023/ഐ&പിആർഡി
6. 30.06.2023-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം

**<u>ഉത്തരവ്</u>**

നടപ്പ സാമ്പത്തിക വർഷം (2023-2024) "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത് 550 ലക്ഷം രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ നിന്നും നടപ്പ സാമ്പത്തികവർഷത്തെ പദ്ധതികളുടെ നടത്തിപ്പിലേക്കായി 3,35,21,000/- രൂപ വിനിയോഗിക്കുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷം പരാമർശം (1) പ്രകാരം 5,30,12,378/- രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്തിരുന്നെങ്കിലും ബില്ല് പേമെന്റ് ആകാത്തതിനാൽ തുക ലാപ്സാകാതിരിക്കുന്നതിനായി "2220-01-105-98-വീഡിയോ

ഡോക്യുമെൻററികളുടെ നിർമ്മാണം (പ്ലാൻ) ശീർഷകത്തിൽ നിന്നും 2,23,80,000/- രൂപ ഇ-ലാംസിലേക്ക മാറ്റുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ) പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രൊപ്പോസൽ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | നവകേരളം ടെലിവിഷൻ പരിപാടി (നിർമ്മാണം& സംപ്രേഷണം) | 4,012,000/- |
| 2 | ഡോക്യുമെന്ററി നിർമ്മാണം | 1,58,75,000/- |
| 3 | ഹ്രസ്വ വീഡിയോ ചിത്രങ്ങൾ | 5,00,000/- |
| 4 | ഹെലിക്യാം ചിത്രീകരണം | 8,00,000/- |
| 5 | കോസ്റ്റ് കമ്മിറ്റി സിറ്റിങ്ങ് ഫീസ് | 4000/- |
| 6 | പ്രിയ കേരളം ടെലിവിഷൻ പരിപാടി (നിർമ്മാണം& സംപ്രേഷണം) | 2,68,000/- |
| 7 | ജനപഥം പ്രതിവാര റേഡിയോ പരിപാടി (നിർമ്മാണം& പ്രക്ഷേപണം) | 2,16,000/- |
| 8 | ഓൺലൈൻ വീഡിയോ മത്സരം- " മിഴിവ്" | 6,00,000/- |
| 9 | ഇൻഫോ വീഡിയോ | 1,00,000/- |
| 10 | എഡിറ്റ് സ്യൂട്ട് പരിപാലനം | 5,000/- |
| | ആകെ | 2,23,80,000/- |

2. പരാമർശം (3) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇ-ലാംസിലേക്ക മാറ്റുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പേമെന്റ് സംബന്ധിച്ച വിശദാംശം/ഘടകങ്ങൾ വിഭജിച്ച ലഭ്യമാക്കാത്തതിനാൽ നിരസിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്മ്യൂണിക്കേഷൻ) പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. പ്രൊപ്പോസൽ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | നവകേരളം ടെലിവിഷൻ പരിപാടി (നിർമ്മാണം- 35,40,000/- | 40,12,000/- |

| | | |
|---|---|---|
| | രൂപ & സംപ്രേഷണം - 4,72,000/-രൂപ) | |
| 2 | ഹ്രസ്വചിത്രം/ഡോക്യുമെന്ററി (സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള ഹ്രസ്വ ചിത്രങ്ങൾ - 90,00,000/- രൂപ, 'ആസാദി കാ അമൃത് മഹോത്സവ്' ഡോക്യുമെന്ററികൾ-67,00,000/-രൂപ, ചാറ്റുപാട്ട് ഡോക്യുമെന്ററി -1,73,650/-രൂപ) | 1,58,73,650/- |
| 3 | ഹെലികാം പദ്ധതി | 6,00,000/- |
| 4 | കോസ്റ്റ് കമ്മിറ്റി സിറ്റിംഗ് ഫീസ് | 4,000/- |
| 5 | 'പ്രിയകേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം 2023 മാർച്ച്- 74,000/- രൂപ & സംപ്രേഷണം 2023 മാർച്ച് - 1,50,451/- രൂപ) | 2,24,451/- |
| 6 | 'ജനപഥം (നിർമ്മാണം 2023 മാർച്ച് -28,000/-രൂപ & പ്രക്ഷേപണം 2023 ജനുവരി, ഫെബ്രുവരി-1,30,000/-രൂപ) | 1,58,000/- |
| 7 | ഇൻഫോ വീഡിയോ നിർമ്മാണം | 1,00,000/- |
| 8 | ഓൺലൈൻ വീഡിയോ മത്സരം" മിഴിവ്- 2023" | 5,00,000/- |
| 9 | എഡിറ്റ് സ്യൂട്ട് പരിപാലനം | 5000/- |
| | **ആകെ** | **2,14,77,101/-** |

3. പരാമർശം (6) പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിശോധിക്കുകയും ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയശേഷം 2,14,77,101/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തവ് പുറപ്പെട്ടുവിക്കേണ്ടതാണ് എന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ സമർപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾക്ക് നടപ്പ സാമ്പത്തികവർഷം "2220-01-105-98 വീഡിയോ ഡോക്യുമെന്ററികളുടെ നിർമ്മാണം (പ്ലാൻ)" ശീർഷകത്തിൽ നിന്നും ചുവടെ ചേർത്ത പട്ടിക പ്രകാരം ആകെ 1,36,18,849/- രൂപ (ഒരു കോടി മുപ്പത്തിയാറു ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റിനാൽപ്പത്തി ഒമ്പത് രൂപ മാത്രം) വിനിയോഗിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

| ക്രമ നം | ഇനം | തുക (രൂപ) |
|---|---|---|
| 1 | നവകേരളം ടെലിവിഷൻ പരിപാടി (നിർമ്മാണം (15 എപ്പിസോഡുകൾ-26,55,000/- രൂപ & സംപ്രേഷണം - 4,72,000/- രൂപ) | 31,27,000/- |
| 2 | ഹ്രസ്വ ചിത്രം/ഡോക്യുമെന്ററി (സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള ഹ്രസ്വ ചിത്രങ്ങൾ-64,80,081/- രൂപ, 'ആസാദി കാ അമൃത് മഹോത്സവ്' ഡോക്യുമെന്ററികൾ-24,50,000/- രൂപ, ചാറ്റുപാട്ട് ഡോക്യുമെന്ററി -1,73,650/- രൂപ) | 91,03,731/- |
| 3 | ഹെലികാം പദ്ധതി | 6,00,000/- |
| 4 | കോസ്റ്റ് കമ്മിറ്റി സിറ്റിംഗ് ഫീസ് | 4,000/- |
| 5 | 'പ്രിയകേരളം' ടെലിവിഷൻ പരിപാടി (നിർമ്മാണം 2023 മാർച്ച്-74,000/- രൂപ & സംപ്രേഷണം (2023 മാർച്ച് - 1,50,451/- രൂപ) | 2,24,451/- |
| 6 | 'ജനപഥം' (നിർമ്മാണം 2023 മാർച്ച് -22,500/- രൂപ & പ്രക്ഷേപണം 2023 ജനുവരി, ഫെബ്രുവരി-1,29,988/- രൂപ ) | 1,52,488/- |
| 7 | ഓൺലൈൻ വീഡിയോ മത്സരം-"മിഴിവ് -2023" | 4,07,179/- |
| | ആകെ | 1,36,18,849/- |

5. ശേഷിക്കുന്ന തുകയ്ക്ക് ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സൂക്ഷ്മപരിശോധന നടത്തിയതിനു ശേഷം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ഡെപ്യൂട്ടിസെക്രട്ടറി

അഡീഷണൽ ഡയറക്ടർ (ഇ എം ഡി)

ഡെപ്യൂട്ടി ഡയറക്ടർ (വി സി)

ഇൻഫർമേഷൻ ഓഫീസർ (എവിഡി/പ്ലാനിംഗ്)

അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്

വിവര പൊതുജന സമ്പർക്ക (ബി) വകുപ്പ്

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിവര പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്. വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എ.യ്ക്ക്.